**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 58** **06-12-2022 - ൽ മറുപടിയ്ക്ക്**

**ജി.എസ്.ഡി.പി.-യിൽ കൈവരിച്ച വളർച്ച**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി.ഐ.മധുസൂദനൻ,<br>ശ്രീ. ടി. പി .രാമകൃഷ്ണൻ,<br>ശ്രീ വി ജോയി,<br>ശ്രീ. കെ. പ്രേംകുമാർ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കൊവിഡ് കാലഘട്ടത്തിലും അതിനെത്തുടർന്നും അതിനുമുമ്പും കേന്ദ്ര സർക്കാർ നടപ്പിലാക്കിയ നയങ്ങൾ കാരണം മാന്ദ്യത്തിലായ സംസ്ഥാന സമ്പദ്ഘടനയെ, സർക്കാർ സ്വീകരിച്ച ഹ്രസ്വകാല, ദീർഘകാല നടപടികളിലൂടെ ദൃഢീകരിക്കാനായിട്ടുണ്ടോ; റിസർവ്വ് ബാങ്ക് പ്രസിദ്ധീകരിച്ച കണക്കുപ്രകാരം 2021-22 വർഷം ജി.എസ്.ഡി.പി.-യിൽ കൈവരിച്ച വളർച്ചയെത്രയെന്ന് ദേശീയ ജി.ഡി.പി. വളർച്ചയുമായി താരതമ്യപ്പെടുത്തി അറിയിക്കാമോ; | (എ) | മഹാപ്രളയമടക്കമുള്ള പ്രകൃതി ദുരന്തങ്ങളും കേന്ദ്ര സർക്കാർ അനുവർത്തിച്ചുപോരുന്ന വികലമായ നയങ്ങളും സംസ്ഥാന സമ്പദ് വ്യവസ്ഥയിൽ സൃഷ്ടിച്ച മാന്ദ്യം ക്രിയാത്മകവും ഭാവനാപൂർണ്ണവുമായ നയപരിപാടികളിലൂടെ മറികടക്കുവാൻ ഒരു പരിധിവരെ സാധിച്ചിട്ടുണ്ട്. 2021-22 സമ്പത്തിക വർഷത്തിലെ സംസ്ഥാന ആഭ്യന്തര ഉത്പാദനത്തിൽ ഉണ്ടായിട്ടുള്ള അഭൂതപൂർവ്വമായ വളർച്ച സർക്കാർ നടത്തിയ പ്രവർത്തനങ്ങളുടെ ഫലപ്രാപ്തി വെളിവാക്കുന്നതാണ്. ഡിപ്പാർട്ട്മെന്റ് ഓഫ് ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സിന്റെ കണക്കനുസരിച്ച് 2011-12 ലെ സ്ഥിരവിലയിൽ, മൊത്തം സംസ്ഥാന ആഭ്യന്തരോൽപ്പന്നം (ജി.എസ്.ഡി.പി) 2020-21 ലെ 5,12,07,608 ലക്ഷം രൂപയിൽ (താൽകാലിക കണക്കുകൾ പ്രകാരം) നിന്നും 2021-22 ൽ 5,73,59,146 ലക്ഷം രൂപയായി (ത്വരിത കണക്കുകൾ പ്രകാരം) വർദ്ധിച്ചു. 2020-21 ലെ (-)8.43 ശതമാനം നെഗറ്റീവ് വളർച്ചയുമായി താരതമ്യം ചെയ്യുമ്പോൾ 2021-22 ൽ 12.01 ശതമാനം വളർച്ചാനിരക്കാണ് കാണിക്കുന്നത്. നടപ്പുവിലയിൽ ജി.എസ്.ഡി.പി 2020-21 ലെ 7,71,00,866 ലക്ഷം രൂപയിൽ (താൽകാലിക കണക്കുകൾ പ്രകാരം) നിന്ന് 17.63 ശതമാനം വളർച്ചയോടെ 2021-22ൽ 9,06,92,093 ലക്ഷം രൂപയായി വർദ്ധിച്ചു (ത്വരിത കണക്കുകൾ പ്രകാരം).<br><br>സ്റ്റാറ്റിസ്റ്റിക്സ് ആന്റ് പ്രോഗ്രാം ഇമ്പ്ലിമെന്റേഷൻ മന്ത്രാലയത്തിന് (എം.ഒ.എസ്.പി.ഐ) കീഴിലുള്ള കേന്ദ്ര സ്റ്റാറ്റിസ്റ്റിക്സ് ഓഫീസിന്റെ (സി.എസ്.ഒ) കണക്ക് പ്രകാരം ഇന്ത്യയുടെ മൊത്തം ആഭ്യന്തര |

| | | | |
|---|---|---|---|
| | | | ഉൽപ്പന്നം (ജി.ഡി.പി) 2011-12ലെ സ്ഥിര വിലയുടെ അടിസ്ഥാനത്തിൽ, 2020-21 ലെ 135.58 ലക്ഷം കോടി രൂപയിൽ നിന്നും 8.7% വളർച്ചയോടെ 2021-22 ൽ 147.35 ലക്ഷം കോടി രൂപയായി വർദ്ധിച്ചു.<br><br>റിസർവ്വ് ബാങ്കിന്റെ പ്രസിദ്ധീകരണങ്ങൾ പ്രകാരം ഇന്ത്യയുടെ ജി.ഡി.പി വളർച്ചാനിരക്ക് (2011-12 സ്ഥിര വിലയുടെ അടിസ്ഥാനത്തിൽ) 9.2 ശതമാനമായും കേരളത്തിന്റെ ജി.എസ്.ഡി.പി വളർച്ചാനിരക്ക് 7.09 ശതമാനമായും കണക്കാക്കിയിരിക്കുന്നു. |
| (ബി) | രണ്ട് തവണയായി പ്രഖ്യാപിച്ച ഉത്തേജക പാക്കേജുകളുടെ ഭാഗമായി ചെയ്ത കാര്യങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ; | (ബി) | ഒന്നും രണ്ടും ഉത്തേജക പാക്കേജുകളിൽ പ്രഖ്യാപിച്ച പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (സി) | പൊതു ഏജൻസികൾ നടത്തുന്ന ബഡ്ജറ്റ് ബാഹ്യ വിഭവ സമാഹരണം കേന്ദ്ര സർക്കാരിന്റെ പൊതുകടത്തിൽ ഉൾപ്പെടുത്താതിരിക്കുമ്പോൾ അത്തരത്തിലുള്ള വിഭവ സമാഹരണത്തിന്റെ പേരിൽ വിവേചനപരമായി സംസ്ഥാനത്തിന് അനുവദനീയമായ വായ്പ തുകയിൽ കുറവുവരുത്തിയിരുന്നോ; ഇത്തരത്തിലുള്ള വിവേചനപൂർവ്വമായ നടപടികൾ ഇപ്പോൾ സാമ്പത്തിക പ്രതിസന്ധി സൃഷ്ടിക്കുന്നുണ്ടോ; വ്യക്തമാക്കാമോ? | (സി) | കേന്ദ്ര ധനകാര്യ കമ്മീഷൻ ശിപാർശയുടെ അടിസ്ഥാനത്തിലാണ് കേന്ദ്ര സർക്കാർ ഓരോ വർഷവും സംസ്ഥാനത്തിന് വായ്പ പരിധി നിശ്ചയിച്ചു നൽകുന്നത്. അതനുസരിച്ച് നടപ്പ് വർഷത്തെ കടമെടുപ്പ് പരിധി മൊത്തം സംസ്ഥാന ആഭ്യന്തരോത്പാദനത്തിന്റെ 3.5 ശതമാനമാണ്. അതായത് സംസ്ഥാനത്തിന്റെ മൊത്തം ആഭ്യന്തരോത്പാദനമായി കേന്ദ്ര സർക്കാർ എസ്റ്റിമേറ്റ് ചെയ്തിട്ടുള്ള 9,26,837 കോടി രൂപയുടെ 3.5 ശതമാനമായ 32,439 കോടി രൂപയാണ് സംസ്ഥാനത്തിന്റെ നടപ്പ് വർഷത്തെ കടമെടുപ്പ് പരിധി.<br><br>എന്നാൽ സംസ്ഥാന സർക്കാരിന്റെ കീഴിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ എടുക്കുന്ന വായ്പകൾ സംസ്ഥാന സർക്കാരിന്റെ പൊതുകടത്തിൽ ഉൾപ്പെടുത്തുന്ന ഒരു നിലപാടാണ് കേന്ദ്രസർക്കർ സ്വീകരിച്ചിട്ടുള്ളത്. ഈ നിലപാടിനോടുള്ള സംസ്ഥാനത്തിന്റെ ശക്തമായ വിയോജിപ്പ് കേന്ദ്ര സർക്കാരിനെ അറിയിച്ചിട്ടുണ്ട്. പ്രസ്തുത നിലപാടിൽ ഇളവ് അനുവദിക്കണമെന്ന് അഭ്യർത്ഥിച്ചു കൊണ്ട് സംസ്ഥാനം കേന്ദ്ര സർക്കാരിനെ സമീപിക്കുകയും ആവശ്യപ്പെട്ട വിശദാംശങ്ങൾ നൽകുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ നടപ്പ സാമ്പത്തിക വർഷത്തെ ആദ്യത്തെ 9 മാസത്തേക്ക് 17,936 കോടി രൂപ പൊതുവിപണിയിൽ നിന്ന് കടമെടുക്കുന്നതിനുള്ള അനുമതി കേന്ദ്രസർക്കാർ ലഭ്യമാക്കിയിരുന്നു. സംസ്ഥാന സർക്കാരിന്റെ വിയോജിപ്പ് പരിഗണിക്കാതെ 14312.80 കോടി രൂപ Off Budget Borrowing ആണെന്ന നിലപാട് സ്വീകരിച്ച് ആ തുക നാലു തവണകളായി സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധിയിൽ നിന്ന് |

| | | | | |
|---|---|---|---|---|
| | | | | കുറയ്ക്കുന്നതാണെന്നും ഇതിന്റെ ഭാഗമായി നടപ്പ് വർഷം 3578.20 കോടി രൂപ കടമെടുപ്പ് പരിധിയിൽ നിന്ന് കുറയ്ക്കുന്നതാണെന്നും കേന്ദ്രസർക്കാർ അറിയിച്ചിരുന്നു. സംസ്ഥാന സർക്കാരിന്റെ കീഴിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ എടുക്കുന്ന വായ്പകളുടെ തിരിച്ചടവെങ്കിലും Off Budget Borrowing-ൽ നിന്നും കുറയ്ക്കണമെന്ന് സംസ്ഥാന സർക്കാർ നിരന്തരം ആവശ്യപ്പെട്ടതനുസരിച്ച് നടപ്പ സാമ്പത്തിക വർഷത്തെ ആദ്യത്തെ 9 മാസത്തേക്ക് പൊതുവിപണിയിൽ നിന്ന് കടമെടുക്കുന്നതിനുള്ള അനുമതി 19,479 (17936+1543) കോടി രൂപയായി നിശ്ചയിച്ച് നൽകുകയും 2021-22 സാമ്പത്തികവർഷം Off Budget Borrowing ആയി എടുത്ത തുക 12562.80 കോടി രൂപയായി പുനർ നിർണ്ണയിച്ചു കൊണ്ട് പ്രസ്തുത തുക നാലു തവണകളായി ഓരോ വർഷവും 3140.7 കോടി രൂപ വീതം വച്ച് സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധിയിൽ നിന്നും കുറയ്ക്കുന്നതാണെന്ന നിലപാട് കേന്ദ്രസർക്കാർ ഇതിനകം കൈക്കൊണ്ടിട്ടുണ്ട്.<br><br>ധനകാര്യ കമ്മീഷൻ നിശ്ചയിച്ചു നൽകിയിട്ടുള്ള അനുവദനീയമായ കടമെടുപ്പ് പരിധിയെ അടിസ്ഥാനപ്പെടുത്തിയാണ് സംസ്ഥാന ബജറ്റ് തയ്യാറാക്കാറുള്ളത്. ഇത്തരത്തിൽ കടമെടുക്കുന്ന തുക പ്രധാനമായും അടിസ്ഥാന സൗകര്യ വികസനത്തിനാണ് ഉപയോഗിക്കുന്നത്. സംസ്ഥാന നിയമസഭ ബജറ്റ് പാസാക്കിയതിന് ശേഷം പിന്നീട് കടമെടുപ്പ് പരിധിയിൽ കുറവ് വരുത്തുന്നത് സംസ്ഥാനത്തിന്റെ വികസന മുൻഗണനകളെ താളം തെറ്റിക്കുകയും നടന്നു കൊണ്ടിരിക്കുന്ന പദ്ധതികളുടെ പൂർത്തീകരണത്തിൽ കാലതാമസം ഉണ്ടാകുന്നതിന് ഇടവരുത്തുകയും ചെയ്യും. |

സെക്ഷൻ ഓഫീസർ